'ബജറ്റ് എയർലൈൻസ്' എന്നത് അംഗീകരിച്ചിരിക്കുകയാണ്. അതിനായി പതിനാലു പ്ലെയിനുകൾ വാടകയ്ക്ക് എടുക്കുവാൻ അവർ നടപടി സ്വീകരിച്ചു കഴിഞ്ഞു. അടുത്ത ആറു മാസത്തിനകം, 2005 മാർച്ച് മാസത്തിൽ എയർ ഇൻഡ്യയുടെ 'ബജറ്റ് എയർലൈൻസ്' നിലവിൽ വരുമെന്നാണ് ഇന്നു രാവിലെ എയർ ഇന്ത്യയുടെ സി.എം.ഡി.യുമായി സംസാരിച്ചപ്പോൾ എനിക്ക് ഉറപ്പ് നല്കിയത്. മുഖ്യമന്ത്രി പറഞ്ഞതുപോലെ മുപ്പത്, നാല്പതു കോടി രൂപ എ.ടി.എഫ്.-ന്റെ സെയിൽസ് ടാക്സ് ഇനത്തിൽ നാം തൃജിക്കാൻ തയ്യാറായത് ഗൾഫ് മലയാളികൾക്കു വേണ്ടിയാണ്. ഏറ്റവും വലിയ മലയാളി പോപ്പുലേഷൻ ഉള്ള രാജ്യം സൗദി അറേബ്യയാണ്. ആ സൗദി അറേബ്യയിൽ 'ബജറ്റ് എയർലൈൻസ്' തുടങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രി പറഞ്ഞു, ഗൾഫ് മലയാളികളുടെ നിക്ഷേപത്തിന്റെ മേൽ ഇപ്പോൾത്തന്നെ ബാങ്ക് റേറ്റ് വളരെ കുറവാണ്. അതും ഇതുമായി ബന്ധപ്പെട്ടതാണ്. ഇതിൽ ഇന്ററസ്റ്റ് വളരെ കുറവാണ്. ആ സമയത്ത് ഇതിന് ടാക്സ് കൂടി ഏർപ്പെടുത്തി എന്നു പറഞ്ഞാൽ വർദ്ധിപ്പിച്ച വിമാന യാത്രാക്കൂലിയുടെ കൂടെ ഇതും വലിയ ഭാരമാകും. ഗവൺമെന്റ് തുടർച്ചയായുള്ള പ്രവർത്തനങ്ങളിലാണെങ്കിലും ഈ പ്രമേയം അംഗീകരിക്കുന്നതുകൊണ്ട് ഗുണം മാത്രമേ ഉള്ളൂ എന്നുള്ളതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കുന്നതിന് ഗവൺമെന്റ് അനുകൂലമാണ്. പ്രമേയം ശ്രീ. കെ. പി. രാജേന്ദ്രന്റെ ഭേദഗതിയോടെ അംഗീകരിക്കാവുന്നതാണ്.

മി. ഡെ. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഏകകണ്ഠമായി പാസ്സാക്കിയിരിക്കുന്നു.

(4) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം

ശ്രീ. പിരപ്പൻകോട് മുരളി: സർ, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച അഞ്ചുറു കോടി രൂപയുടെ പദ്ധതി അടിയന്തിരമായി നടപ്പിലാക്കി തകർച്ച നേരിടുന്ന പ്രസ്തുത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. (ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(12-7-2004 തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly